പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 548 | 7.07.2014 ൽ മറുപടിയ്ക്ക് |

**ശിശുക്ഷേമ മിഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു<br>,, ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി ഗീതാ ഗോപി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ അംഗൻവാടികളിൽ ശിശുവികസനപദ്ധതി അവസാനിപ്പിച്ച് ശിശുക്ഷേമ മിഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ശിശുക്ഷേമമിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) സാമൂഹ്യനീതി വകുപ്പിന് കീഴിലെ അംഗൻവാടികളിൽ ശിശു വികസന പദ്ധതി അവസാനിപ്പിച്ച് ശിശുക്ഷേമ മിഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ ഐ.സി.ഡി.എസ് പദ്ധതി മിഷൻ രീതിയിലേയ്ക്ക് പുനസംഘടിപ്പിച്ച് ശാക്തീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഐ.സി.ഡി.എസ് മിഷൻ സംബന്ധിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് & റെഗുലേഷനും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) അംഗൻവാടികൾ വഴിയുള്ള പോഷകാഹാര വിതരണ ചുമതല കുടുംബശ്രീയിൽനിന്ന് എടുത്ത് മാറ്റിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | (ബി)അംഗൻവാടികൾ വഴി കുടുംബശ്രീ മുഖാന്തിരം 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് അമൃതം ന്യൂട്രിമിക്സ് നൽകി വരുന്നു. ടേക് ഹോം റേഷൻ ആയിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ടി പോഷകാഹാര വിതരണ ചുമതല കുടുംബശ്രീയിൽ നിന്നും എടുത്ത് മാറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ